(ബി) ഈ നടപടികളുടെ ഫലമായി ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി തുടങ്ങിയിട്ടുണ്ട്.

സർക്കാരാഫീസുകളിലെ പഞ്ചിംഗ് സമ്പ്രദായം

10 (11)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആഫീസുകളിലാണ് നടപ്പാക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയോ; എങ്കിൽ അതിന്റെ തീരുമാനം എന്താണ്;

(സി) ഏതൊക്കെ സംഘടനകളാണ് ഇതിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തിയത്;

(ഡി) പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിൽ ഏതൊക്കെ സംഘടനകൾക്കാണ് അഭിപ്രായവ്യത്യാസം ഉള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തുടക്കത്തിൽ സെക്രട്ടേറിയറ്റ് അനക്സ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യവകുപ്പു ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലും, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ടറേറ്റിലും ആണ് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി)-(ഡി)6.11.99-ൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ എല്ലാ വിഭാഗം സർക്കാർ ജീവനക്കാരുടെയും പ്രതിനിധികൾ പങ്കെടുത്ത് അഭിപ്രായം വ്യക്തമാക്കി. കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ ബഹുഭൂരിപക്ഷം സംഘടനകളും അനുകൂലമായിട്ടാണ് പ്രതികരിച്ചിട്ടുള്ളത്. എന്നാൽ പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ മുന്നോടിയായി ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ് എന്ന് ചില സംഘടനകൾ അഭിപ്രായപ്പെട്ടു.

പ്ലാസ്റ്റിക്കിന്റെ ക്രമാതീതമായ ഉപയോഗം

11 (12)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ക്രമാതീതമായ ഉപയോഗം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതലായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly